# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3384 25.06.2012-ലെ മറുപടിക്ക്**

**സ്വകാര്യമേഖലയിലെ ബാങ്കുകളിലൂടെ നിക്ഷേപവും ഇടപാടുകളും നടത്താൻ അനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സർക്കാർ വകുപ്പുകൾ, സ്വയംഭരണസ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഏജൻസികൾ തുടങ്ങിയവയ്ക്ക് സ്വകാര്യ മേഖലയിലെ ബാങ്കുകളിലൂടെ നിക്ഷേപവും ഇടപാടുകളും നടത്താൻ അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരത്തിൽ തീരുമാനിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ; | കേന്ദ്രസർക്കാരിന് റിസർവ് ബാങ്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും തനത് ഫണ്ടുകൾ പ്രൈവറ്റ് ബാങ്കുകളായ ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവ മുഖേന ഇടപാടുകൾ നടത്തുന്നത് അനുവദിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം എച്ച്.ഡി.എഫ്.സി. ബാങ്കു നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാനപങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾക്കും അവരുടെ തനത് ഫണ്ടുകൾ സർക്കാർ ഗ്രാന്റുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവയുടെ സേവനം കൂടി ഉപയോഗപ്പെടുത്താമെന്ന് സംസ്ഥാന സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 15.09.2011 ൽ അനുമതി നൽകിയിരുന്നതും അതിന്റെ കാരണങ്ങൾ നിയമസഭയിൽ വിശദമാക്കിയിരുന്നതുമാണ്. സർക്കാർ വകുപ്പുകൾക്ക് ഈ സൗകര്യം അനുവദിച്ചിട്ടില്ല. ബാങ്കിംഗ് മേഖലയിൽ റിസർവ്വ് ബാങ്ക്, കേന്ദ്ര സർക്കാർ എന്നിവയുടെ നയമനുസരിച്ച് പ്രവർത്തിക്കുന്നതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യം. |
| (ബി) | ഇതിലൂടെ സർക്കാരിന് ഉണ്ടായ നേട്ടമെന്താണെന്ന് വിശദമാക്കുമോ ; | |
| (സി) | സർക്കാർ വകുപ്പുകളിലെ എത്ര തുക ഇപ്പോൾ പ്രസ്തുത ബാങ്കുകളിൽ നിക്ഷേപം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ? | സർക്കാർ വകുപ്പുകൾക്ക് സ്വകാര്യ മേഖലയിലെ ബാങ്കുകളിൽ നിക്ഷേപങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ